കേരള പോലീസ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുമായി ചേർന്ന് എൻഫോഴ്സ്മെന്റ്, ബോധവൽക്കരണം എന്നിവയെല്ലാം സമന്വയിപ്പിച്ച് "ശ്രുഭയാത്ര 2015" പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) എല്ലാ വിഭാഗങ്ങളുടെയും ബഹുമുഖ സഹകരണത്തിലൂടെ കേരളത്തിലെ റോഡ് ഗതാഗതം സുഗമമാക്കിക്കൊണ്ട് കൂടുതൽ സുരക്ഷിതമായ റോഡ് യാത്ര ഉറപ്പാക്കുക, അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, സിഗ്നൽ തെറ്റിക്കൽ, മറ്റ് ട്രാഫിക് നിയമ ലംഘനങ്ങൾ എന്നിവ തടയുക, റോഡപകടങ്ങൾ കുറയ്ക്കുക, ട്രാഫിക് അപകടങ്ങൾ ഇല്ലാതെ സുഗമമായി പ്രവർത്തിക്കുകവഴി പൊതുജന സൗഹൃദം മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 2014-15 സാമ്പത്തിക വർഷത്തേക്ക് 2.5 കോടി രൂപ കേരളാ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ട്രാഫിക് ബോധവൽക്കരണം നൽകുന്നതിനും പോലീസുദ്യോഗസ്ഥർക്ക് ട്രാഫിക് നിയമങ്ങൾ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും വാഹനാപകടങ്ങളുണ്ടാകുമ്പോൾ അതിവേഗം പ്രവർത്തിക്കുന്നതിനും വേണ്ടി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള 160 ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും പുതിയ 50 ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപവൽക്കരിക്കുന്നതിനും ഡ്രൈവർമാർക്ക് പരിശീലനവും ബോധവൽക്കരണവും നൽകുന്നതിനും കേരളമൊട്ടാകെ അത്യാധുനിക ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിനും 2011-12 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2013-14 സാമ്പത്തികവർഷത്തിൽ 3.1 കോടി രൂപയും കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയിൽനിന്നും സംസ്ഥാന പോലീസ് വകുപ്പിന് നൽകിയിട്ടുണ്ട്.

റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

16(*616) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പ് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി പുതിയ പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) റോഡപകടങ്ങളുടെയും തന്മൂലമുള്ള മരണങ്ങളുടെയും എണ്ണം കുറയ്ക്കുക, എല്ലാ വിഭാഗം ഡ്രൈവർമാരിലും വിദ്യാർത്ഥികളിലും റോഡ് സുരക്ഷാ അവബോധവും ഗതാഗത നിയമങ്ങളിലുള്ള അവബോധവും വളർത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഒരു അംഗീകരിച്ച കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ലഭിക്കുന്ന ധനസഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്.

ജയിലുകളിൽ സൗരോർജ്ജ പദ്ധതി

17(*617) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളിൽ സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) 13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി, വിവിധ ജയിലുകളിൽ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജയിലുകളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിച്ചതുവഴി, കെ.എസ്.ഇ. ബി. വിതരണം ചെയ്യുന്ന വൈദ്യുതി ഇല്ലാത്തപ്പോൾപ്പോലും ജയിലുകളിലും പരിസരങ്ങളിലും ആവശ്യമായ പ്രകാശം ഉറപ്പുവരുത്തുവാനും അതുവഴി ജയിൽ സുരക്ഷ വർദ്ധിപ്പിക്കുവാനും കഴിയുന്നു. കൂടാതെ സൗരോർജ്ജം ഉപയോഗിക്കുകവഴി കെ.എസ്.ഇ.ബി. വിതരണം ചെയ്യുന്ന വൈദ്യുതിയുടെ ഉപഭോഗത്തിൽ കുറവ് വരികയും അതുവഴി വൈദ്യുതി ചാർജ്ജിനത്തിൽ ഉക ലാഭിക്കുവാനും കഴിയുന്നു.

(സി) 13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി, 27.54 കോടി രൂപയുടെ (ഇരുപത്തിയേഴ് കോടി അൻപത്തിനാല് ലക്ഷം രൂപ) പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.